[ശ്രീമതി കുസുമം]

നാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ആ സ്ഥലം മാറ്റിയിരിക്കുന്നത്. അങ്ങനെയുള്ള സ്ഥലങ്ങളും ഈ വനങ്ങളിൽനിന്ന് ഒഴിപ്പിക്കുന്നവർക്ക് കൊടുക്കാതെ സാധുക്കൾക്ക് കൊടുക്കാൻവേണ്ടി ഗവണ്മെന്റ് ഒന്നുകൂടി പുനരാലോചിക്കുമോ?

ശ്രീ. ആർ. ശങ്കർ : റബ്ബർപ്ലാന്റേഷനു് യോഗ്യതയില്ലാത്തഭൂമി ഒരു പക്ഷേ ഇവിടെ കണ്ടെന്നുവരാം. പക്ഷേ ആ ഭൂമി ഒന്നിനും കൊള്ളരുതാത്തതാണെങ്കിൽ പിന്നെ സാധുക്കൾക്ക് കൊടുക്കണമെന്നു പറയുന്നതു് എന്തിനാണെന്നു മനസ്സിലാകുന്നില്ല.

ശ്രീ. ടി. കൃഷ്ണൻ : ഹരിജനങ്ങൾക്ക് കൊടുത്തിട്ടുള്ള ഭൂമിയുടെ കണക്ക് ഇവിടെ പറഞ്ഞു. ഹരിജനങ്ങൾക്ക് കൊടുത്തിട്ടുള്ള ഭൂമികളിൽ പ്രത്യേകിച്ച് ആലപ്പുഴ ഡിസ്ട്രിക്റ്റിൽ കൊടുത്തിട്ടുള്ള ഭൂമികളിൽ യാതൊരു ഫലവൃക്ഷം പോലുമില്ല. പത്തുപന്ത്രണ്ടുകൊല്ലം കഴിഞ്ഞേ അവിടെനിന്നു് എന്തെങ്കിലും ആദായം ഉണ്ടാകുകയുള്ളൂ. അങ്ങനെയുള്ള ഭൂമികളിൽനിന്നു് അമിതമായ നികുതി ഈടാക്കിവരുന്നകാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ആർ. ശങ്കർ : അങ്ങനെയുള്ള അമിതമായ നികുതിയൊന്നും അവിടെനിന്നു ഈടാക്കുന്നില്ല.

ശുദ്ധജല വിതരണ പദ്ധതി

* 449. [5] ശ്രീ. എൻ. മോഹനൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1964–65 സാമ്പത്തിക വർഷത്തിൽ പുതുതായി ഏതെങ്കിലും ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവയിൽ ഏതെങ്കിലും മുനിസിപ്പൽ അതിർത്തിയിലും നടപ്പിലാക്കുന്നുണ്ടോ ?

(സി) ശുദ്ധജലത്തിനു വളരെ ഏറെ ക്ഷാമം അനുഭവിക്കുന്ന ചങ്ങനാശ്ശേരിയിൽ ശുദ്ധജല വിതരണത്തിനു് വേണ്ട നടപടി എത്രയുംവേഗം നടപ്പിൽ വരുത്തുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) അർബൻ വാട്ടർസപ്ലൈ സ്കീമിനെ സംബന്ധിച്ചിടത്തോളം 1964–65–ൽ പുതുതായി ഒരു പണിയും തുടങ്ങുവാൻ ഉദ്ദേശിക്കുന്നില്ല.

(ബി) 'എ' ക്കുള്ള ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) മൂന്നാം പഞ്ചവത്സര പദ്ധതിയിൽ ശുദ്ധജലവിതരണത്തിനു് വകകൊള്ളിച്ചിട്ടുള്ള തുക തുലോം അപര്യാപ്തമാകുകയാൽ ചങ്ങനാശ്ശേരി ശുദ്ധജലവിതരണപദ്ധതിയും ഉൾക്കൊള്ളിച്ച പണി ആരംഭിക്കുവാൻ നിവൃത്തിയില്ല. എങ്കിലും ഈ പദ്ധതിക്കുവേണ്ടിയുള്ള പ്രാരംഭാന്വേഷണം ആരംഭിച്ചു കഴിഞ്ഞിട്ടുള്ളതും അതിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമാകുന്നു.

ശ്രീ. എൻ. ഭാസ്കരൻ നായർ : ചങ്ങനാശ്ശേരിയിൽ ശുദ്ധജലത്തിനു് വേണ്ടത്ര ക്ഷാമമുള്ളതുകൊണ്ടു് എന്തെങ്കിലും കാൺടിബ്യൂഷൻ തരുകയാണെങ്കിൽ ബാക്കിപണികൂടി പൂർത്തിയാക്കി അവിടെ ശുദ്ധജലവിതരണം നടത്തുന്നതിനു് വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: അതിനുവേണ്ടിയുള്ള പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കുകയാണു്. ഏതാണ്ടു് 32 ലക്ഷത്തോളം രൂപ ചെലവു വരുന്ന ഒരു സ്കീം ഇതിനുവേണ്ടി തയ്യാറാക്കിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം, എം. മത്തായി: തിരുവല്ലാ, ചങ്ങനാശേരി എന്നീ സ്ഥലങ്ങളിലേക്ക് ശുദ്ധജലവിതരണം നടത്തുന്നതിന്ഒരു സ്കീം തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ സ്കീം ഇപ്പോഴും ഗവണ്മെൻറിന്റെ പരിഗണനയിലുണ്ടോ ?

ശ്രീ. എം, പി ഗോവിന്ദൻ നായർ : തിരുവല്ലായിലെ ചില പ്രദേശങ്ങളും ചങ്ങനാശേരിയുടെ പടിഞ്ഞാറുഭാഗം ഉൾപ്പെടെ കുട്ടനാടൻ പ്രദേശങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ശുദ്ധജലവിതരണം ചെയ്യുന്നതിനുള്ള ഒരു സ്കീം ഗവണ്മെൻറിന്റെ പരിഗണനയിലുണ്ട്.

ശ്രീ. കെ, ആർ. വിജയൻ: ആലുവാ, എറണാകുളം, മട്ടാഞ്ചേരി എന്നിവിടങ്ങളിലേക്ക് ശുദ്ധജലവിതരണം ചെയ്യുന്നതിന് ഇപ്പോഴും പൊവ്വരനിന്നും കൊണ്ടുവരുന്ന ജലം പറവൂർക്കുകൂടി പ്രയോജനപ്പെടത്തക്കരീതിയിൽ തിരിച്ചുവിടാൻ വേണ്ട നടപടി ഗവണ്മെൻറ് ദയവായി സ്വീകരിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇപ്പോഴും അങ്ങനെ ഉദ്ദേശമില്ല.

ശ്രീമതി കുസുമം : എസ്റ്റിമേറ്റെല്ലാം തയ്യാറായിരിക്കുന്ന തൊടുപുഴ വാട്ടർ സപ്ലൈസ്കീമിനു് ഉടൻതന്നെ അനുവാദം കൊടുക്കാൻ വേണ്ടനടപടി സ്വീകരിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: അതിനു് അനുവാദം കൊടുത്തു കഴിഞ്ഞിട്ടുണ്ടെന്നാണു് എന്റെ ഓർമ്മ.

ശ്രീ. പി. ചാക്കോ : തിരുവല്ലാ പട്ടണത്തിൽ ശുദ്ധജലവിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള ഒരു പ്രത്യേക സ്കീം തയ്യാറാക്കി അവിടത്തെ മുനിസിപ്പാലിറ്റി ഗവണ്മെൻറിലേക്ക് സബ്മിറ്റ് ചെയ്തിട്ട് അതിലേക്കു് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതിനുവേണ്ടിയുള്ള ഒരു സ്കീം മുനിസിപ്പാലിറ്റി തന്നു. പ്രാരംഭാന്വേഷണം നടത്തിയതിൽ അതിനുള്ള സോഴ്സു കുറവാണെന്നുകണ്ടു. അവർ ചൂണ്ടിക്കാണിച്ച സ്ഥലത്തുനിന്നു തന്നെ വെള്ളം കിട്ടാൻ പ്രയാസമാണെന്നു മനസ്സിലായതുകൊണ്ട് വേറെ എന്തെങ്കിലും സോഴ്സു ചൂണ്ടിക്കാണിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടു് എന്നാണു് എന്റെ ഓർമ്മ.

ശ്രീ. പി. സി. രാഘവൻ നായർ: 1964-ലെ ഏതാനും വർക്കുകൾ ചെയ്തീർക്കാൻ സാദ്ധ്യമല്ലെന്നു മന്ത്രിപറഞ്ഞു. കോഴിക്കോട്ടെ ശുദ്ധജലവിതരണ പദ്ധതിക്കുവേണ്ടി മൂന്നു കിണറുകളുടെ പണി തുടങ്ങിയെങ്കിലും രണ്ടു കിണറുകളുടെ ജോലി ഇപ്പോഴും അവിടെ നിറുത്തിവച്ചിരിക്കുകയാണു്. അതിന്റെ കാരണമെന്താണെന്നു പറയാമോ ?

ശ്രീ. എം. പി ഗോവിന്ദൻ നായർ: 1964–65–ൽ പുതിയതായി വർക്കുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നില്ലെന്നാണു് ഞാൻ പറഞ്ഞതു്, കോഴിക്കോട്ടു് നടന്നുകൊണ്ടിരിക്കുന്ന വർക്കാണു്, അതു് തുടർന്നു നടക്കും.

ശ്രീ. എൻ. ഈ. ബലറാം : 1964-ൽ പുതിയ വർക്കുകൾ ഏറ്റെടുക്കുന്നില്ലെന്നു പറഞ്ഞു. തലശേരി കണ്ണൂർ മാഹി അല്ലെങ്കിൽ അഞ്ചരക്കണ്ടി എന്നു പറയുന്ന സ്കീം നിറുത്തി വച്ചതിന്റെ കാരണമെന്താണു് ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : ഞാൻ ഇതിനു് ഒരിക്കൽ ഇവിടെ മറുപടി പറഞ്ഞതാണു്. ഇതു ഒരു പഴയ സ്കീമാണു്. മാഹിയിൽ ഇതിന്റെ പണി തുടങ്ങണമെങ്കിൽ ഇൻഡ്യാഗവണ്മെൻറിന്റെ അനുവാദം വേണം. ഇൻഡ്യാഗവണ്മെൻറിന്റെ അനുവാദം കിട്ടാത്തതുകൊണ്ടാണു് ഇതിന്റെപണിക്കു് കാലതാമസം വന്നിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ : നാലാം പദ്ധതിയിൽ പ്രവർത്തികം ഉൾപ്പെടുത്താനുള്ള ചില കാര്യങ്ങളെപ്പറ്റി ഇവിടെപറയുകയുണ്ടായി. പദ്ധതി പ്രവർത്തനങ്ങളെസംബന്ധിച്ചിടത്തോളം അല്ലെങ്കിൽ പ്ലാൻസ്കീമിനെ സംബന്ധിച്ചിടത്തോളം ഒരു സ്കീം ഉണ്ടാക്കാൻ പോകുന്നതിനുമുമ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് പ്രധാനമായ ശ്രദ്ധ കൊടുക്കണമെന്നുള്ള പ്ലാനിംഗ് കമ്മിഷന്റെ നിർദ്ദേശം ഈ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : അതു് ഒരു സാമാന്യ തത്വമനുസരിച്ചു് ആവശ്യമാണു്. തുടങ്ങിക്കഴിഞ്ഞിട്ടുള്ള പ്രവർത്തനങ്ങളെല്ലാം പൂർത്തീകരിക്കേണ്ടതായിട്ടുണ്ടു്. അതിനപ്പുറമേ എടുക്കേണ്ടവേക്കുകളെപ്പറ്റിയാണു് ചിലതു് ഇവിടെപറഞ്ഞതു്. നാലാം പദ്ധതി അവസാനിക്കുന്നതിനു മുമ്പായി എല്ലാ പട്ടണങ്ങളിലും അതുപോലെ അത്യാവശ്യമുള്ള വില്ലേജുകളിലുമെല്ലാം ശുദ്ധജലവിതരണംചെയ്യാൻ കഴിയുമെന്നാണു് ഗവണ്മെൻറു് പ്രതീക്ഷിക്കുന്നതു്.

ശ്രീ. കെ. ഹസൻഗനി : 1964-ൽ പുതിയ വർക്കുകൾ തുടങ്ങുന്നില്ലെന്നു പറഞ്ഞു. മൂന്നാംപദ്ധതിക്കാലത്തുതന്നെ അതായതു് മാർച്ചു് 31-ാംതീയതിവരെ തുടങ്ങാൻ ഉദ്ദേശിക്കുന്ന പണികൾ ഏതെല്ലാമാണു് ? അതിൽ മഞ്ചേരി വാട്ടർസപ്ലൈ സ്കീംപെടുമോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : ഏതെല്ലാമാണെന്നു പ്രത്യേകമായി ചോദിച്ചാലേ പറയുവാൻ കഴിയുകയുള്ളൂ.

പാറയിടിഞ്ഞുവീണു മൂതിയടഞ്ഞ തൊഴിലാളികൾ.

* 450. [6] ശ്രീ. എസ്. കുമാരൻ : താഴെകാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടിനൽകുമോ :

(എ) മൂഴിയാർ പവ്വർസ്റ്റേഷനിലെ സ്പിച്ചു്യാഡിൽ പണിയെടുത്തുകൊണ്ടിരുന്ന 5 തൊഴിലാളികൾ ഡിസംബർമാസത്തിൽ പാറയിടിഞ്ഞുവീണു് മൂതിയടഞ്ഞസംഭവം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഇതേപ്പറ്റി ഗവണ്മെൻറു് അന്വേഷണം നടത്തിയോ ;

(സി) നടത്തിയെങ്കിൽ വിവരം എന്താണു് ;

(ഡി) ഈ സ്ഥലത്തു് ഇതേപണിയിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികൾക്കു് ഇതിനുമുമ്പും ഇതുപോലെയുള്ള അപകടം സംഭവിക്കുകയുണ്ടായിട്ടുണ്ടോ;

(ഈ) അപകടംസംഭവിച്ച തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും എന്തെല്ലാം സഹായങ്ങളാണു് ചെയ്തുകൊടുത്തു ;

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഉണ്ടു്

(ബി) ഇലക്ട്രിസിറ്റിബോർഡു് അന്വേഷണംനടത്തി ഗവണ്മെൻറിനെ വിവരമറിയിച്ചിട്ടുണ്ടു്.

(സി) 1963 ഡിസംബർ 14-ാം തീയതിരാവിലെ 10·30-നു് മൂഴിയാർപവ്വർ ഹൗസിന്റെ പരിസരത്തിൽ പാറയിടിഞ്ഞുവീണതിന്റെ ഫലമായി പത്തു തൊഴിലാളികൾ മണ്ണിനടിയിൽപ്പെട്ടു. അവരിൽ അഞ്ചുപേർ മൂതിയടയുകയും അഞ്ചുപേർ നിസ്സാരമായ പരുക്കുകളോടുകൂടി രക്ഷപ്പെടുകയുംചെയ്തു.

(ഡി) ഇതിനുമുമ്പും ഒരിക്കൽ മണ്ണിടിഞ്ഞുവീണിട്ടുണ്ടു്. പക്ഷേ അപകടം ഒന്നും സംഭവിച്ചിട്ടില്ല.

(ഈ) വർക്കുമെൻസു് കാമ്പൻസേഷൻ ആക്ടുപ്രകാരമുള്ള നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ കൺട്രാക്ടർക്കു് നിർദ്ദേശം നൽകിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly